## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3283 | 11.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ വാർഷിക അറ്റകുറ്റപണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ 2014-15 വർഷത്തെ റോഡുകളുടെ വാർഷിക അറ്റകുറ്റപണികൾ യഥാസമയം ചെയ്തു തീർക്കാത്ത എത്ര റോഡുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ?

(എ) & (ബി) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടെ 119 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. ടാർ ലഭ്യത കുറവായതിനാൽ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ടാറിന്റെ ലഭ്യതക്കനുസരിച്ച് പാച്ച് വർക്കുകൾ ചെയ്തു കൊണ്ടിരിക്കുകയാണ്. 65 റോഡുകൾ പാച്ച് വർക്കുകൾ ചെയ്തു തീർക്കുവാനുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു. ഈ റോഡിന്റെ അറ്റകുറ്റപണികൾ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ യഥാസമയം ചെയ്ത് റോഡ് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. റോഡിൽ കേടുപാടുകൾ വരുന്ന മുറയ്ക്കു അവയും നന്നാക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ദേശീയപാത തലപ്പാടി മുതൽ കാലിക്കടവ് വരെയാണ്. കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതൽ ഉപ്പള വരെ റോഡിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി നടന്നുവരുന്നു. ഉപ്പള മുതൽ പെർവാഡ് വരെയുള്ള ഭാഗം കരാറുകാരുടെ ഗ്യാരണ്ടി പിരിയഡിൽ ഉൾപ്പെടുന്നതാണ്. കേടുപാടുകൾ തീർത്ത് റോഡ് ശരിയാക്കിത്തരുവാൻ വേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം കരാറുകാരന് നൽകിയിട്ടുണ്ട്. പെർവാഡ് മുതൽ അണന്തൂർ വരെ റോഡിന് കേടുപാടുകൾ ഒന്നും തന്നെ ഇല്ല. അണന്തൂർ മുതൽ ചെർക്കള വരെ ഉപരിതലം പുതുക്കൽ പ്രവൃത്തി കരാർ നൽകിയിരിക്കുകയാണ്. റോഡിലെ കുഴികൾ അടച്ചിട്ടുണ്ട്. ചെർക്കള മുതൽ ചട്ടഞ്ചാൽ വരെ റോഡിന് കേടുപാടുകൾ ഒന്നും തന്നെയില്ല. ചട്ടംചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 19.20 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറക്ക് റോഡ് പ്രവൃത്തി തുടങ്ങുവാനുള്ള നടപടി ആരംഭിക്കുന്നതാണ്. ചട്ടംചാൽ മുതൽ നീലേശ്വരം വരെ 4 സ്ഥലങ്ങളിൽ കേടുപാടുകൾ വന്നിട്ടുണ്ട്. ഇതിന് 33.90 ലക്ഷം രൂപയുടെ 4 എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിന്റെ മഴക്കെടുതി നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. നീലേശ്വരം മുതൽ കാലിക്കടവ് വരെയുള്ള ഭാഗങ്ങളിൽ കുഴികൾ ഒന്നും തന്നെയില്ല. അറ്റകുറ്റപണികൾ യഥാസമയം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**